(ഡ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന നെല്ല് സംഭരണത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) സപ്ലൈകോ മില്ലുടമകളുമായി ചേർന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ കർഷകരെയും പാടശേഖരങ്ങളെയും ചൂഷണം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കർഷകർ ഉല്പാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കാൻ നടപടിയുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ട കണക്കുകളുടെ വിവിധ പാടശേഖരങ്ങളിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കുന്നുണ്ട്.

(ബി) നെല്ല് സംഭരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽ നിന്നും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സപ്ലൈകോ നെല്ല് സംഭരണം നടപ്പിലാക്കുന്നത്. അനുവദനീയമായ ഘടകങ്ങളുടെ പരമാവധി തോതിന്റെ ഗ്രാക്കറ്റിൽ പുറമെ ചേർക്കുന്നു. ബാഹ്യ വസ്തുക്കൾ കൂടുതൽ (1%) ബാഹ്യ വസ്തുക്കൾ അധികവും (1%) കേടായത്, മുളച്ചത്, കീടബാധയേറ്റത്, (4%) ചുരുങ്ങിയത് (1%) പാകമാകാത്തതും ചുരുങ്ങിയതും (3%) മറ്റ് ഇനങ്ങളുടെ കൂടുതൽ (6%) ഇനത്തിലും (17%).

(സി) സപ്ലൈകോ നടപ്പിലാക്കുന്ന നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും അധികമായി ഒന്നും തന്നെ ഈടാക്കുന്നില്ല.

(ഡി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷക രജിസ്ട്രേഷൻ പാടശേഖരങ്ങളിൽ നിന്നും നെല്ല് ഏറ്റെടുക്കുന്നത് എന്നിവ നിർവ്വഹിക്കുന്നത് അതാത് മില്ലുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള പാഡി മാർക്കറ്റിംഗ് ഓഫീസർമാരാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുവാൻ സപ്ലൈകോ തയ്യാറാണ്.

റേഷൻ കാർഡ് വിതരണം

241 (1325) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിച്ചത് ഏത് മാസമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാർഡ് നാളിതുവരെയായി വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കാർഡ് എന്ന് മുതൽ വിതരണം നടത്തുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-1-2015 മുതൽ 18-1-2015 വരെയാണ് പുതുക്കിയ കാർഡിനുള്ള അപേക്ഷകൾ സ്വീകരിച്ചത്.

(ബി) നിലവിലെ കാർഡിലെ വിവരങ്ങളും 7-7-2014-ലെ സ.ഉ(കൈ) നമ്പർ 21/14/ഭ.സി.സ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി റേഷൻ കടയിലൂടെ കാർഡുടമകൾക്ക് നൽകിയ പ്രീ-പോപ്പുലേറ്റഡ് ഫോറം, പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുത്ത്, ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും, ടി ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതിന് കാർഡുടമകൾക്ക് ഓൺലൈനിൽ കൂടിയും പ്രിന്റ് നൽകിയും, പിഴവുകൾ തിരുത്തി വാങ്ങി, അത് കറക്ട് ചെയ്യുന്ന ജോലികളാണ് നിലവിൽ നടന്നുവരുന്നത്. ടി പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും സോഷ്യൽ ആഡിറ്റിംഗിന് ശേഷം അന്തിമ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുകയും ചെയ്യും. മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്. ഇപ്പോഴുള്ള റേഷൻ കാർഡിന് പുതിയ കാർഡ് ലഭ്യമാകുന്നതുവരെ വാലിഡിറ്റി ഉണ്ടായിരിക്കും. അതിനാൽ ഒരു ആനുകൂല്യങ്ങൾക്കും തടസ്സമുണ്ടാവില്ല.

റേഷൻ കാർഡ് പുതുക്കൽ

242 (1326) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്നതിനായി എത്ര അപേക്ഷകളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി അപേക്ഷിച്ചിട്ടുള്ളവർക്ക് പുതുക്കിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly